©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2020 നവംബർ 25
25th November 2020
1196 വൃശ്ചികം 10
10th Vrischikam 1196
1942 അഗ്രഹായനം 4
4th Agrahayana 1942

നമ്പർ
No. 2885

ഫോറം നമ്പർ 7

റൂൾ 18(1) കാണുക

**വിജ്ഞാപനം**

റഫ്:DCKNR 13068/2018- സി3

തീയതി : 2020 നവമ്പർ 25

കേരള സർക്കാർ 4.12.15 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ. എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയോഗിക്കപ്പെട്ടതിനാലും;

ആയതിൻപ്രകാരം ഡെപ്യൂട്ടി കളക്ടർ(എൽ എ) കളക്ടറേറ്റ്, കണ്ണൂർ നെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കാര്യ നിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും;

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിൽ കഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ റെയിൽവെ പാലം (നമ്പർ 1144) പുനർനിർമ്മിക്കുന്നതിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നത് കൊണ്ടും,

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താൽപ്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ച് ദിവസത്തിനുള്ളലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ച ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ, പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം എന്തെങ്കിലുമുണ്ടെങ്കിൽ രേഖാ മൂലമുള്ള പ്രസ്താവന സഹിതം സ്പെഷൽ തഹസിൽദാർ എൽ. എ ജനറൽ തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കു ശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും / ആക്ഷേപങ്ങളും ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപ്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും / ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ്സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക
(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല: കണ്ണൂർ | താലൂക്ക് : പയ്യന്നൂർ

വില്ലേജ് അംശം | ദേശം: കുഞ്ഞിമംഗലം

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | ഏത് പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 238/5 | വില്ലേജ് റിക്കാർഡ് പ്രകാരം കുഞ്ഞിമംഗലം അംശംദേശത്തെ 237/4 തോട്ടവിഭാഗത്തിലും മറ്റുള്ളവ നഞ്ചവിഭാഗത്തിലും ഉൾപ്പെടുന്നതാണ് ഏറ്റെടുക്കുന്ന ഭൂമി | 0.0325 | ഇന്ത്യൻ റയിൽവേക്ക് വേണ്ടി കുഞ്ഞിമംഗലം ഏഴിമല സ്റ്റേഷന് സമീപം പുതിയ ട്രാക്ക് (പുതിയ റയിൽപാലത്തിലൂടെ ഗതാഗതം ആരംഭിക്കുന്നതിന് ) നിർമ്മിക്കുന്നതിന് | ഏറ്റെടുക്കുന്ന സ്ഥലത്ത് ശ്രീ ഇട്ടമ്മൽ രാജൻ എന്നവരുടെ പേരിലുള്ള ഒരു ഓടിട്ട വീട് ശ്രീ നാരായണൻ എന്നവർക്ക് വാടകയ്ക്ക് നൽകിയിരുന്നുവെങ്കിലും നിലവിൽ താമസമില്ല. കുടിയൊഴിപ്പിക്കൽ ആവശ്യമില്ല. | ചോനോളി കാനോത്ത് ഷീന |
| 2 | 238/8 | | 0.0257 | | | ചോനോളി കാനോത്ത് നീന |
| 3 | 238/12 | | 0.0375 | | | ഇട്ടമ്മൽ രാജൻ |
| 4 | 237/4 | | 0.0216 | | | ഇട്ടമ്മൽ രാജൻ മുതൽപേർ |
| 5 | 237/5 | | 0.0555 | | | അക്കാളത്ത് ശ്രീധരൻ |

**ആകെ 0.1728 ഹെക്ടർ**

## സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

കുഞ്ഞിമംഗലം റെയിൽവെ പാലം നമ്പർ 1144 പുനർ നിർമ്മിക്കുന്നതിനായി കണ്ണൂർ ജില്ല പയ്യന്നൂർ താലൂക്ക് കുഞ്ഞിമംഗലം അംശം ദേശത്ത് റി.സ നമ്പർ 238/5 , 238/8 ,238/12, 237/4 , 237/5 ഉൾപ്പെടെ ആകെ 0.1728 ഹെക്ടർ ഭൂമി RFCTLARR Act പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(നിർമ്മാണം),സതേൺ റെയിൽവേ, കോഴിക്കോട് സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ, സാമൂഹ്യപ്രത്യാഘാത പഠനം നടത്തുകയും ആയത് വിലയിരുത്തി വിദഗ്ദ സമിതി റിപ്പോർട്ട് സമർപ്പിച്ചതിൽ, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത് പാലം നിർമ്മാണത്തിനും, അതിനോടനുബന്ധിച്ചുള്ള ട്രാക്ക് മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടിയാണെന്നും 113 വർഷം മുമ്പ് നിർമ്മിച്ച പാലം ഏറ്റവും വേഗത്തിൽ പുനർ നിർമ്മിക്കേണ്ടത് നിലവിൽ തീവണ്ടി വഴി സഞ്ചരിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്ത്വത്തിന് അത്യന്താപേക്ഷിതമാണെന്നും ഈ ഭൂമി ഏറ്റെടുക്കുന്നത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പൊതു ആവശ്യത്തിനാണെന്നും പദ്ധതിക്ക് ആവശ്യമായ ഏറ്റവും കുറവ് ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നതെന്നും പരിസ്ഥിതിക്കോ കൃഷിക്കോ പോതുജനങ്ങൾക്കോ യാതൊരു ആഘാതവും ഇല്ല എന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

(ഒപ്പ്)
**ജില്ലാ കലക്ടർ, കണ്ണൂർ**

കലക്ടറേറ്റ്,കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/